LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ഫിഷിംഗ് ഹാർബർ പദ്ധതി

100 [263] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട്ടെ ഫിഷിംഗ് ഹാർബറിന്റെ പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മോഡൽസ്റ്റഡി റിപ്പോർട്ട് എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പരിസ്ഥിതി റിപ്പോർട്ട് എന്നേയ്ക്ക് ലഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ജോലികൾ എന്നേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) നടപ്പുവർഷത്തിൽ ഈ പദ്ധതിക്ക് എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മാതൃകാപഠനത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നതേയുള്ളൂ.

(ബി) സി.ഡബ്ല്യു.പി.ആർ.എസ്.-ൽ നിന്നുള്ള മോഡൽസ്റ്റഡി റിപ്പോർട്ട് 2004 ജനുവരിയിലും അതിനോടനുബന്ധിച്ചുള്ള വിശദീകരണ മറുപടി 2004 മേയിലും ലഭിച്ചു.

(സി) തൃശ്ശൂരിലെ മെസേഴ്സ് എൻവിറേയം പ്രൈവറ്റ് ലിമിറ്റഡ് മുഖാന്തിരം നടത്തിയ പരിസ്ഥിതി ഫഠന റിപ്പോർട്ട് 29-3-2004-ൽ ലഭിച്ചു.

(ഡി) പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാർ ചെയ്ത് സർക്കാരിനു സമർപ്പിച്ച് കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

(ഇ) നടപ്പുവർഷത്തിൽ ഈ പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല.

ആലപ്പുഴയിൽ ഫിഷ് ലാന്റിംഗ് സെന്റർ

101 [264] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?